# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


19.11.2017

**പത്രക്കുറിപ്പ്:**

## മൂലധനം: പ്രകൃതിയെയും സംസ്കാരത്തെയും വർഗസമരത്തിന്റെ ഭാഗമാക്കിയ കൃതി

### ഡോ.സുനിൽ പി. ഇളയിടം

പ്രകൃതിസംരക്ഷണത്തെയും സാംസ്കാരികപ്രവർത്തനത്തെയും മുതലാളിത്തസമൂഹത്തിൽ നടക്കുന്ന വർഗസമരത്തിന്റെ ഭാഗമായി വിശകലനം ചെയ്ത ദാർശനിക ഗ്രന്ഥമാണ് മൂലധനമെന്ന് ഡോ.സുനിൽ പി.ഇളയിടം പറഞ്ഞു. കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച *മാർക്സിസവും മൂലധനവും* പ്രഭാഷണപരമ്പരയുടെ രണ്ടാം ദിവസത്തിൽ *മൂലധനത്തിലെ മുതലാളിത്ത വിമർശനം* എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രകൃതിയെന്നും മനുഷ്യനെന്നുമുള്ള ദ്വന്ദ്വത്തെ മുൻനിർത്തിയുള്ള വിഭജനയുക്തിയെ കാൾ മാർക്സ് മൂലധനത്തിൽ നിരാകരിക്കുന്നു. മുതലാളിത്തം ചൂഷണം ചെയ്യുന്നത് തൊഴിലാളി വർഗത്തിന്റെ അധ്വാനത്തെ മാത്രമല്ല. മുതലാളിത്തം അടിസ്ഥാന സ്രോതസ്സായ പ്രകൃതിവിഭവങ്ങളുടെ അടിവേര് തുരന്ന് പ്രകൃതിയെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നുണ്ടെന്ന് മൂലധനം പറയുന്നു. വർഗസമരത്തിന്റെ കേന്ദ്രത്തിലേയ്ക്ക് പരിസ്ഥിതി സംരക്ഷണം കടന്നുവന്നിട്ടുണ്ട് ഇന്ന്. ഇതിന്റെ സൂചനകൾ നേരത്തെത്തന്നെ മൂലധനത്തിലൂടെ മാർക്സ് ഉന്നയിച്ചിട്ടുണ്ട്. സാമ്പത്തികഘടനയും സാംസ്കാരികരൂപങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി ആഴത്തിൽ മൂലധനം നിർവചിക്കുന്നു. ആശയങ്ങളുടെ വികാസത്തിന് സാമ്പത്തികഘടനയുമായുള്ള ബന്ധം സുവ്യക്തമാണ്. മൂലധനം അന്തിമമായി ആശയങ്ങൾക്ക് തീർപ്പുകൽപ്പിക്കുന്ന ഒരടഞ്ഞ കൃതിയല്ല. സംവാദത്തിലൂടെ തുടരുന്ന കൃതിയാണ്. അതുവരെ ഉപയോഗിച്ചിട്ടില്ലാത്ത സങ്കീർണ്ണമായ രീതിശാസ്ത്രമാണ് മൂലധനത്തിന്റെ രചനയിൽ മാർക്സ് സ്വീകരിച്ചത്. ഘടനാപരമായി നിശ്ചലമായ ഒരു ചിന്താവ്യവസ്ഥയല്ല, ചരിത്രത്തിൽ പ്രക്രിയാപരമായ ഒരിടപെടലാണത്. സിദ്ധാന്തവും പ്രയോഗവും തമ്മിൽ കൂട്ടിച്ചേർക്കാൻ മാർക്സ് ശ്രമിച്ചു. അമൂർത്ത സങ്കൽപ്പങ്ങളെ കെട്ടിപ്പെടുക്കുകയല്ല, അവയെ മൂർത്തമായ പ്രയോഗത്തിലേയ്ക്ക് നയിക്കുകയാണ് മൂലധനം നാളിതുവരെ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. സാഹിത്യ അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ അധ്യക്ഷതവഹിച്ചു. ഡോ.എം.എൻ.വിനയകുമാർ സ്വാഗതവും വി.എൻ.അശോകൻ നന്ദിയും പറഞ്ഞു.

പ്രഭാഷണപരമ്പരയുടെ അവസാനദിവസമായ നാളെ *മൂലധനത്തിന്റെ തുടർജീവിതം* എന്ന വിഷയത്തിൽ സുനിൽ പി. ഇളയിടം പ്രഭാഷണം നടത്തും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

---

JM

പ്രിയ എഡിറ്റർ,
മുകളിൽ ചേർത്തിരിക്കുന്ന വാർത്ത സംസ്ഥാനതല പ്രാധാന്യത്തോടെ താങ്കളുടെ പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.